പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2686 — 14-02-2013-ൽ മറുപടിക്ക്

## തീരദേശ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. കെ.വി. അബ്ദുൾഖാദർ<br>ശ്രീ. കെ. ദാസൻ | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീരദേശ മേഖലയിലാകെ കടുത്ത ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അറ്റകുറ്റപ്പണികൾ നടത്തുന്നതിലുണ്ടായ അലംഭാവംകൊണ്ട് പല തീരദേശ ശുദ്ധജലവിതരണ പദ്ധതികളും നിർജ്ജീവമായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ; | (ബി) | അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി കുടിവെള്ള വിതരണം സുഗമമാക്കാറുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിലെ തീരദേശ കുടിവെള്ള പദ്ധതികളായ വിഴിഞ്ഞം, പുലിയൂർ ക്കോണം, മുക്കോല, കരിച്ചൽ, കണ്ണകുളം, ആട്ടറമൂല, പുളിങ്കുടി ഇടങ്ങിയവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നല്കുമോ; | (സി) | തിരുവനന്തപുരം ജില്ലയിലെ പുളിങ്കുടി പദ്ധതിയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അധികമായി ഒരു കുഴൽ കിണറും അതിൽ പമ്പ് സെറ്റും സ്ഥാപിച്ച് ജലലഭ്യത കൂട്ടുതൽ ഉറപ്പാക്കിയിട്ടുണ്ട്. ആട്ടറമൂല പദ്ധതിയിൽ ഭൂജല വകുപ്പിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് |

അധികമായി ഒരു കുഴൽ കിണർ കൂടി കുഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പുലിയൂർ ക്കോണം, മുക്കോല എന്നീ പദ്ധതികളിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അധികമായി രണ്ട് കുഴൽ കിണറുകൾ കുഴിച്ച് പമ്പു സെറ്റുകൾ സ്ഥാപിച്ച് കൂടുതൽ ജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള പണികളുടെ ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ബോണക്കാട് എസ്റ്റേറ്റിന് പകരമായി വനം വകുപ്പിന് നൽകിയ പേപ്പാറ ഡാമിന് ഉയരം വർദ്ധിപ്പിക്കാനുള്ള നിർ ദ്ദേശം പരിഗണനയിലുണ്ടോ; നിലപാട് വ്യക്തമാക്കുമോ?

(ഡി) തിരുവനന്തപുരം നഗരത്തിലെ വർദ്ധിച്ചുവരുന്ന ശുദ്ധജല ആവശ്യങ്ങൾ സുഗമമായി കൈകാര്യം ചെയ്യുവാൻ പേപ്പാറ ഡാമിന്റെ സംഭരണശേഷി അതിന്റെ പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിനായി നിലവിലെ താഴ്ന്ന ജലനിരപ്പ് ഡാമിന് വിഭാവനം ചെയ്തിട്ടുള്ള പൂർണ്ണ അളവിലേക്ക് കൊണ്ടുവരുന്നതിനുള്ള നിർ ദ്ദേശമാണ് പരിഗണനയിലുള്ളത്. ആയതിന് വനം, പരിസ്ഥിതി വകുപ്പുകളുടെ അനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ